(എ) വൈദ്യുതി ബോർഡിന്റെ ഇപ്പോഴുള്ള വായ്പാ ബാദ്ധ്യത എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) കോൺട്രാക്ടർമാർക്ക് കൊടുത്തുതീർക്കാനുള്ള തുക എത്ര ; വിവിധ സാധനങ്ങൾ സപ്ലൈ ചെയ്തവർക്ക് കൊടുക്കുവാനുള്ള തുകയെത്ര ;

(സി) ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട് വായ്പ കൊടുത്തു തീർക്കുവാനുള്ള തുകയെത്രയാണ് ;

(ഡി) ജീവനക്കാർക്ക് മെഡിക്കൽ ആനുകൂല്യങ്ങൾ ഇനത്തിൽ എന്തു തുക നൽകുവാനുണ്ട് ;

(ഇ) റിട്ടയർ ചെയ്ത ജീവനക്കാർക്ക് കൊടുത്തു തീർക്കുവാനുള്ള ആനുകൂല്യങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ജീവനക്കാർക്കുള്ള പ്രോവിഡന്റ് ഫണ്ട് വായ്പ, മെഡിക്കൽ ആനുകൂല്യങ്ങൾ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവ എന്നുമുതൽ കുടിശ്ശികയാണ് ; ഇവ ഓരോ ഇനത്തിനും നൽകാനുള്ള കുടിശ്ശിക എത്രയാണ് ;

(ജി) ഇവ കൊടുത്തു തീർക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1999 -2000-ലെ ബോർഡിന്റെ താൽക്കാലിക വാർഷിക കണക്ക് പ്രകാരം വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ 31-3-2000 വരെ ബോർഡിനുള്ള വായ്പാ ബാദ്ധ്യത 3391.04 കോടി രൂപയാണ്. സർക്കാർ വായ്പാ ഇനത്തിൽ 31-3-2000 വരെയുള്ള വൈദ്യുത ബോർഡിന്റെ വായ്പാ ബാദ്ധ്യത 160.05 കോടി രൂപയാണ്.

(ബി-ഡി) 20-6-2000 വരെ ക്രെഡിറ്റിനുവേണ്ടി വിവിധ ഓഫീസുകളിൽ നിന്നും ലഭിച്ചിട്ടുള്ള അപേക്ഷകൾ പ്രകാരം ഓരോ ഇനത്തിലും കൊടുക്കുവാനുള്ള തുകകൾ താഴെ ചേർക്കുന്നു.

കോൺട്രാക്ടർമാർക്ക് പാസ്സാക്കിയ ബില്ലിൽ കൊടുത്തു തീർക്കാനുള്ളത് 62.12 ലക്ഷം രൂപ വിവിധ സാധനങ്ങൾ സപ്ലൈ ചെയ്തവർക്ക് 116.81 ലക്ഷം രൂപ

പ്രോവിഡന്റ് ഫണ്ട് വായ്പ	—	558.28 ലക്ഷം രൂപ
മെഡിക്കൽ ആനുകൂല്യങ്ങൾ	—	2.77 ലക്ഷം രൂപ
റിട്ടയർ ചെയ്ത ജീവനക്കാർക്ക്	—	19.85 ലക്ഷം രൂപ

(ഇ-ജി) വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

വൈദ്യുതി ചാർജ്ജ് വർദ്ധനയിലൂടെ വൻകിട വ്യവസായങ്ങൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

63 (903) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളാ ഹൈടെൻഷൻ ആന്റ് എക്സ്ട്രാ ഹൈടെൻഷൻ ഇൻഡസ്ട്രിയൽ ഇലക്ട്രിസിറ്റി കൺസ്യൂമേഴ്സ് അസോസിയേഷന്റെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) നിവേദനത്തിൽ പറയുന്ന താരിഫ് റഗുലേറ്ററി കമ്മീഷനെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 15-5-99-ൽ താരിഫ് വർദ്ധിപ്പിച്ചതിന് സംബന്ധിച്ചായിരുന്നു പരാതി.

(ബി) പരാതി പരിശോധിച്ച് ഹൈടെൻഷൻ/എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളുടെ താരിഫ് 15-5-99 മുതൽ 5% (അഞ്ച് ശതമാനം) ഇളവ് അനുവദിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം സർക്കാർ പരിഗണനയിലാണ്.

അഡീഷണൽ ഡെപ്പോസിറ്റ് ഇനത്തിൽ സമാഹരിച്ച തുക

64 (904) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. എം. മുരളി :
ശ്രീ. പി. ജെ. ജോയി :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡീഷണൽ ഡെപ്പോസിറ്റ് ഇനത്തിൽ സംസ്ഥാന വൈദ്യുതി ബോർഡ് ഇതുവരെ എന്തു തുക സംഭരിച്ചു ;

(ബി) അഡിഷണൽ ഡെപ്പോസിറ്റ് വാങ്ങുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) എത്രമാസത്തെ വൈദ്യുതി ചാർജ്ജിന് തുല്യമായ തുകയാണ് അഡിഷണൽ ഡെപ്പോസിറ്റായി വാങ്ങുന്നത് ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 25,40,93,589 രൂപ (ഇരുപത്തിയഞ്ചു കോടി നാൽപ്പതു ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി അഞ്ഞൂറ്റി എൺപത്തൊൻപത് രൂപ).

(ബി&സി) കണ്ടീഷൻസ് ഓഫ് സപ്ലൈയുടെ 14-ാം വകുപ്പനുസരിച്ച് എച്ച്.ടി/ഇ.എച്ച്.ടി. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾ രണ്ട് മാസത്തെ വൈദ്യുത ചാർജ്ജിന് തുല്യമായ തുകയും എൽ.ടി. വിഭാഗത്തിലെ ഉപഭോക്താക്കൾ മൂന്ന് മാസത്തെ വൈദ്യുത ചാർജ്ജിന് തുല്യമായ തുകയും സെക്യൂരിറ്റി ഡെപ്പോസിറ്റായി അടയ്ക്കേണ്ടതാണ്. താരിഫ് വർദ്ധനമൂലവും. ഉപയോഗത്തിലെ വർദ്ധനമൂലവും പ്രതിമാസ വൈദ്യുത ചാർജ്ജിൽ ഉണ്ടാകുന്ന വർദ്ധനവനുസരിച്ച് ഉപഭോക്താവിന്റെ

LIBRARY ARCHIVES Kerala Legislative Assembly